(3) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ—പെരിങ്ങത്തൂരിലെ കെ. ടി. അനന്തൻ എന്ന ആളെ കാണാതായ സംഭവം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പെരിങ്ങത്തൂരിലെ കെ. ടി. അനന്തൻ എന്നു പറയുന്ന ഒരാളെ കഴിഞ്ഞ നാലര മാസത്തിലധികമായി ദുരൂഹമായ സാഹചര്യത്തിൽ കാണാതായ സംഭവത്തിലേക്കു ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. ബഹറിനിൽ ജോലി ചെയ്തുവരികയായിരുന്ന അനന്തൻ ലീവിൽ നാട്ടിലേക്കു വരികയായിരുന്നു. 21-6-1986-ൽ 12.15-നുള്ള സൗദി എയർലൈൻസിന്റെ 342-ാം നമ്പർ ഫ്ലൈറ്റിൽ ബോംബെയിൽ വന്നിറങ്ങിയതായും കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞതായും രേഖയുണ്ട്. അതിനുശേഷം എന്തു സംഭവിച്ചുവെന്ന് യാതൊരു വിവരവുമില്ല. ഞാനും ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ എം. എൽ. എ. യും ആ കുടുംബവും ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വളരെ താൽപ്പര്യപൂർവ്വം അദ്ദേഹം മഹാരാഷ്ട്രാ മുഖ്യമന്ത്രിക്ക് ടെലക്സ് സന്ദേശമയച്ചു. അനന്തന്റെ ഫോട്ടോയും അയച്ചുകൊടുത്തു. അടിയന്തിരമായി നടപടി സ്വീകരിക്കാമെന്ന് കത്ത് അയച്ച് ആ കുടുംബത്തെ സമാധാനിപ്പിക്കുകയും ചെയ്തു. ഈ അനന്തന്റെ കുടുംബം യഥാർത്ഥത്തിൽ വളരെ വിഷമിക്കുകയാണ്. അയാൾ മരിച്ചാൽപ്പോലും ഇത്ര സങ്കടമില്ല. ആരുടെയെങ്കിലും ഒരാളിന്റെ കാലൊച്ച കേൾക്കുമ്പോഴും ആ കുട്ടികൾ അച്ഛൻ വരുന്നുണ്ടോ എന്നു നോക്കി നിൽക്കുകയാണ്. എനിക്കു ഒരു കാര്യം പറയാനുള്ളത് ഇക്കാര്യം സി. ബി. ഐ. യെ ഏൽപ്പിക്കണമെന്നാണ്. ബോംബെയിൽ ഇങ്ങനെയൊരു അധോലോകം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യം സി. ബി. ഐ. യെ ഏൽപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ അനന്തന്റെ മരണത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാര്യയുടെ പരാതി കിട്ടിയ ഉടൻതന്നെ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ സ്റ്റേറ്റ് പോലീസിനോട് പറഞ്ഞിട്ടുണ്ട്. ഇതു ബോംബെയിൽ നടന്ന സംഭവമായതുകൊണ്ട് മഹാരാഷ്ട്രാ മുഖ്യമന്ത്രിക്കു ജൂലായ് മാസത്തിൽത്തന്നെ ഞാൻ കത്ത് എഴുതിയിട്ടുണ്ട്. അവിടെനിന്നും കിട്ടിയ മറുപടിയിൽ ഇക്കാര്യം കാര്യമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞിട്ടുണ്ട്. ആ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമെന്നും പറഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് വളരെ താൽപ്പര്യപൂർവ്വം പ്രവർത്തിക്കുന്നുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

(4) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ—സ്റ്റാമ്പു വെണ്ടർമാരുടെ പ്രശ്നങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ചെറുകിട സ്റ്റാമ്പ് വെണ്ടർമാരുടെ ചില പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. അവർക്കുണ്ടായിരുന്ന പല ആനുകൂല്യങ്ങളും ഇപ്പോൾ കുറച്ചിരിക്കുകയാണ്. 1985 ഏപ്രിൽ വരെ നാലര ശതമാനമായിരുന്ന കമ്മീഷൻ 3 ശതമാനമായി കുറച്ചിരിക്കുകയാണ്. അവർക്ക് 5,000 രൂപ വരെ വിൽക്കാവുന്നതായിരുന്നു. ഇപ്പോൾ രണ്ടായിരം രൂപയാക്കി കുറച്ചിരിക്കുന്നു. ഇത് ജനങ്ങൾക്കു വളരെയധികം വിഷമമുണ്ടാക്കുന്നുണ്ട്. മാത്രമല്ല, ഇതു ഗവൺമെന്റിനും സാമ്പത്തികമായി

LIBRARY ARCHIVES Kerala Legislative Assembly